ഉത്തരം

(എ) 1991-96 കാലഘട്ടത്തിൽ പിറവം നിയോജകമണ്ഡലത്തിൽപ്പെട്ട രാമമംഗലം, മേമുറി (ഭാഗീകം) ത്വരിതഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി, തിരുമാറാടിയും സമീപ വില്ലേജുകൾക്കുമായുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി, മണിട്ട്-മുളന്തുരുത്തി ത്വരിത ഗ്രാമീണ ശുദ്ധജല വിപുലീകരണ പദ്ധതി എന്നിങ്ങനെ മൂന്നു പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്.

(ബി) പിറവം ശുദ്ധജല വിപുലീകരണ പദ്ധതി. ആംപല്ലൂരും സമീപ വില്ലേജുകൾക്കുമായുള്ള ത്വരിതഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി; തിരുമാറാടിയും സമീപ വില്ലേജുകൾക്കുമായുള്ള ശുദ്ധജല വിപുലീകരണ പദ്ധതി എന്നിവയാണ് ഈ കാലഘട്ടത്തിൽ ആരംഭിച്ച പുതിയ ശുദ്ധജല വിതരണ പദ്ധതികൾ.

(സി) പിറവം ജലവിതരണ വിപുലീകരണ പദ്ധതി 3/2000ത്തിലും, ആംപല്ലൂരും സമീപ വില്ലേജുകളിലേയ്ക്കുമുള്ള പദ്ധതി 12/2000 ലും തിരുമാറാടി ജലവിപുലീകരണ പദ്ധതി 12/2000 ലും കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു.

(ഡി) (1) പിറവം ശുദ്ധജലവിതരണ വിപുലീകരണ പദ്ധതി-497 ലക്ഷം രൂപ.

(2) ആംപല്ലൂരും സമീപ പഞ്ചായത്തുകൾക്കുമുള്ള ത്വരിത ശുദ്ധജലവിതരണ പദ്ധതി-269 ലക്ഷം രൂപ

(3) തിരുമാറാടിയും സമീപ പഞ്ചായത്തുകൾക്കുമുള്ള ശുദ്ധജല വിപുലീകരണ വിതരണ പദ്ധതി-846 ലക്ഷം രൂപ.

(ഇ) ലഭ്യമാക്കാൻ കഴിയും

(എഫ്) ഇല്ല.

36 (945) **ഇടക്കാട്ടുവയൽ അംപല്ലൂർ-ഉദയംപേരൂർ വാട്ടർ സപ്ലൈ സ്കീം**

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽപ്പെട്ട ഇടക്കാട്ടുവയൽ-ആംപല്ലൂർ-ഉദയംപേരൂർ വാട്ടർ സപ്ലൈ സ്കീം എന്നാണ് നിർമ്മാണം ആരംഭിച്ചത്;

(ബി) ഇതിന്റെ ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ഏതെല്ലാം തീയതികളിലാണ് നൽകിയത്;

(സി) ഈ പ്രോജക്ടിന്റെ മൊത്തം മതിപ്പ് ചെലവ് എത്രയെന്നാണ് കണക്കാക്കിയിരുന്നത്;

(ഡി) പദ്ധതിയുടെ പണികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഇ) ഇതുവരെ തീർന്ന ജോലികൾ എന്തെല്ലാമാണ്;

(എഫ്) എന്നത്തേയ്ക്ക് ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയും?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1994-ൽ

(ബി) 1-10-1993-ൽ ഭരണാനുമതിയും 10-11-1993-ൽ സാങ്കേതികാനുമതിയും നൽകി.

(സി) 269 ലക്ഷം രൂപ മതിപ്പു ചെലവ് കണക്കാക്കിയിരുന്നു. പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് മതിപ്പ് ചിലവ് 463.47 ലക്ഷം രൂപായായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) മൂവാറ്റുപുഴ ആറിൽ കക്കാട്ടു ഭാഗത്ത് വൈക്കം സ്കീമിനു വേണ്ടി നിലവിലുള്ള പമ്പ് ഹൗസിനു സമീപം 10 മീറ്റർ വ്യാസമുള്ള പുതിയ കിണർ പണിത്, വെള്ളം പമ്പ് ചെയ്ത് 16 എം.എൽ.ഡി.ശുദ്ധീകരണ ശാലയിൽ എത്തിച്ച്, ശുദ്ധി ചെയ്ത് പാഴൂർ അമ്പലപ്പടിക്ക് സമീപമുള്ള പമ്പിൽ എത്തിക്കുക, അവിടെ നിന്നും വീണ്ടും പമ്പ് ചെയ്ത് ഇടക്കാട്ടുവയൽ ഒ.എച്ച്. ടാങ്കിലെത്തിക്കുക, അവിടെനിന്നും ഗ്രാവിറ്റിയിൽ അരയൻകാവ്, കാഞ്ഞിരമറ്റം എന്നിവിടങ്ങളിലെ ഒ.എച്ച്.ടാങ്കുകളിലെത്തിക്കുക, അവിടെ നിന്നും ഗ്രാവിറ്റിയിൽ ഉദയംപേരൂർ പഞ്ചായത്തിലേക്കും എത്തിക്കുക എന്നതാണ് പദ്ധതി ലക്ഷ്യം.

മേൽപ്പറഞ്ഞ ടാങ്കുകളിൽ നിന്നും ഇടക്കാട്ടുവയൽ, ആംപല്ലൂർ, ഉദയംപേരൂർ എന്നീ പഞ്ചായത്തുകളിലെ ആംപല്ലൂർ, കിച്ചേരി, കുലക്കറ്റിക്കര, ഇടക്കാട്ടുവയൽ, കയ്പട്ടൂർ, മണകുന്നം എന്നീ വില്ലജുകളിൽ ശുദ്ധജലം വിതരണം ചെയ്യാനും ഉദ്ദേശിക്കുന്നു.

(ഇ) മൂവാറ്റുപുഴ ആറ്റിലുള്ള കിണർ-പമ്പ് ഹൗസ് എന്നിവയുടെ സിവിൽ വർക്കുകളും റോ വാട്ടർ പമ്പിംഗ് മെയിൻ ജോലിയും ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്.

16 എം.എൽ.ഡി. ശുദ്ധീകരണശാല പണിയും, പാഴൂർ ഡംപിലേക്കുള്ള ഗ്രാവിറ്റിമെയിൻ ജോലിയും പൂർത്തീകരിച്ചു വരുന്നു.

പാഴൂരിലുള്ള ഡംപിന്റേയും പമ്പ് ഹൗസിന്റേയും പണിതീർന്നു. വൈദ്യുതിക്ക് വേണ്ടി തുക കെട്ടിവച്ചിട്ടുണ്ട്. പമ്പ് സെറ്റുകൾ ലഭിച്ചിട്ടുണ്ട്. അവ സ്ഥാപിക്കുന്ന പണി ഉടനെ ആരംഭിക്കും.

ഇടക്കാട്ടുവയൽ ടാങ്കിന്റെ പ്ലാസ്റ്ററിംഗും പൈപ്പ് കണക്ഷനും ഒഴിച്ചുള്ള ജോലികൾ തീർന്നിട്ടുണ്ട്.

പാഴൂർ പമ്പിൽ നിന്നും ഒ.എച്ച്.ടാങ്കിലേക്കുള്ള പമ്പിംഗ് മെയിനിന്റെ പണികൾ പുരോഗമിക്കുന്നു.

കാഞ്ഞിരമറ്റം ടാങ്കിന്റെ ഫൗണ്ടേഷൻ പണികൾ തീർന്നിട്ടുണ്ട്. ബാക്കി പണികൾക്കുള്ള ടെണ്ടർ അംഗീകാരം പരിഗണനയിലാണ്. പദ്ധതിയുടെ 90% പണികളും പൂർത്തീകരിച്ചിട്ടുണ്ട്.

(എഫ്) 12/2000-ൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly